## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4601 — 28/06/2013-ൽ മറുപടിയ്ക്ക്

### നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ

എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട എത്ര പ്രൊപ്പോസലുകൾ പരിഗണനയിൽ ഉണ്ട്; ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

ബി) പ്രസ്തുത പ്രൊപ്പോസലുകൾ പരിശോധിച്ച് നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി**

ശ്രീ.മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി

എ) & ബി) തൃപ്പൂണിത്തുറ, തൃക്കാക്കര, പൊന്നാനി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കൊയിലാണ്ടി, മലപ്പുറം എന്നീ ഏഴ് നഗരസഭകളെ ഒന്നാം ഗ്രേഡിലേയ്ക്കും കളമശ്ശേരി, പയ്യന്നൂർ, നെടുമങ്ങാട്, വർക്കല, മരട്, ഏലൂർ, ഒറ്റപ്പാലം, കൽപ്പറ്റ, മട്ടന്നൂർ, കോട്ടയ്ക്കൽ, പെരിന്തൽമണ്ണ, ചാവക്കാട്, എന്നീ പന്ത്രണ്ട് നഗരസഭകളെ മൂന്നാം ഗ്രേഡിൽ നിന്നും രണ്ടാം ഗ്രേഡിലേയ്ക്കും അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. ഗുരുവായൂർ നഗരസഭയുടെ പ്രത്യേകത പരിഗണിച്ച് നഗരസഭാ സെക്രട്ടറിയുടെ ഗ്രേഡ് മാത്രം ഒന്നാം ഗ്രേഡാക്കി ഉയർത്തിക്കൊണ്ടും, നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ യാതൊരു മാറ്റവും വരുത്താതെയും സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയ്ക്കും വിധേയമായി ഗുരുവായൂർ നഗരസഭയെ മൂന്നാം ഗ്രേഡിൽ നിന്നും ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ